**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചി ബ്രഹ്മപുരം ഖരമാലിന്യ പ്ലാന്റിനായി ഏറ്റെടുത്ത ഭൂമിയുടെ 22 എൽ.എ.ആർ. കേസുകളിൽ സ്ഥലമുടമകൾക്ക് നൽകുന്നതിന് തുക നിക്ഷേപിക്കുന്നതിനായി 17,72,56,100/-(പതിനേഴ് കോടി എഴുപത്തിരണ്ട് ലക്ഷത്തി അമ്പത്താറായിരത്തി ഒരുന്നൂറ്)രൂപ കൊച്ചി നഗരസഭയ്ക്ക് അനുവദിക്കുന്നതിന് നിയമാനുസൃതമായ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ)നം.773/2020/ത.സ്വ .ഭ.വ  തിരുവനന്തപുരം, തീയതി,23.04.2020.

---

പരാമർശം - 1) സ.ഉ.(സാധാ.)നം.87/10/ത.സ്വ.ഭ.വ. തീയതി 10/10/2010

2) സ.ഉ.(സാധാ.)നം.1961/17/ത. സ്വ. ഭ. വ. തീയതി 13/06/2017

3) 18/03/2019-ലെ സ. ഉ (പി) നം.32/2019/Fin ധന നമ്പർ ഉത്തരവ്

4) നഗരകാര്യ ഡയറക്ടറുടെ 30/12/2019-ലെ ഡിസി 2-16516/2013 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊച്ചി കോർപ്പറേഷൻ പരിധിയിലുള്ള ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ ശാലയ്ക്കായി സ്ഥലം ഏറ്റെടുത്ത വകയിൽ എൽ.എ.ആർ. കേസുകളുമായി ബന്ധപ്പെട്ട് സ്ഥലമുടമകൾക്ക് നൽകുന്നതിനായി പരാമർശം(1) പ്രകാരം 85,00,00,000/-(എൺപത്തിയഞ്ച് കോടി) രൂപയും പരാമർശം(2) പ്രകാരം 55,69,75,000/-(അമ്പത്തിയഞ്ച് കോടി അറുപത്തിയൊമ്പത് ലക്ഷത്തി എഴുപത്തയ്യായിരം) രൂപയും ഉൾപ്പെടെ ആകെ നൂറ്റി നാല്പത് കോടി അറുപത്തി ഒമ്പത് ലക്ഷത്തി എഴുപത്തയ്യായിരം രൂപ പെരുമ്പാവൂർ സബ് കോടതിയിൽ നിലവിലുള്ള എൽ.എ.ആർ കേസുകളിൽ വിനിയോഗിച്ചിട്ടുള്ളതായും ഇനിയും തുക നിക്ഷേപിക്കാനുള്ള 22 എൽ.എ.ആർ. കേസുകളിൽ തുക നിക്ഷേപിക്കുന്നതിന് ആവശ്യമായ 17,72,56,100/-(പതിനേഴ് കോടി എഴുപത്തിരണ്ട് ലക്ഷത്തി അമ്പത്താറായിരത്തി ഒരുന്നൂറ്) രൂപ കൂടി അനുവദിക്കണമെന്നും നഗരകാര്യ ഡയറക്ടർ പരാമർശം (4) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചി ബ്രഹ്മപുരം ഖരമാലിന്യ പ്ലാന്റിനായി ഏറ്റെടുത്ത ഭൂമിയുടെ 22 എൽ. എ. ആർ. കേസുകളിൽ സ്ഥലമുടമകൾക്ക് നൽകുന്നതിന് തുക നിക്ഷേപിക്കുന്നതിനായി പരാമർശം(3)ലെ വ്യവസ്ഥകൾക്ക് വിധേയമായി 17,72,56,100/-(പതിനേഴ് കോടി എഴുപത്തിരണ്ട് ലക്ഷത്തി അമ്പത്താറായിരത്തി ഒരുന്നൂറ്)രൂപ കൊച്ചി നഗരസഭയ്ക്ക് അനുവദിക്കുന്നതിന് നിയമാനുസൃതമായ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**സബിത എസ്. ഡി.**

ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കൊച്ചി നഗരസഭ
ജില്ലാ കളക്ടർ, എറണാകുളം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്(11/2/2020- ലെ DEV-2/167/2016/Fin പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ (ആർ.സി1/205/2015/ത.സ്വ.ഭ.വ.)/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ